I.ഇ.ബി.XIകേരള നിയമസഭ/IV26

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 23, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ശ്രദ്ധക്ഷണിക്കൽ

(1) ഭാരതപ്പുഴയുടെ സംരക്ഷണം ഉറപ്പുവരുത്താൻ പദ്ധതി

ശ്രീ. വി.കെ. ചന്ദ്രൻ: ഭാരതപ്പുഴയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഒരു പദ്ധതി നടപ്പിലാക്കണം. കേരളത്തിന്റെ സംസ്കാരം രൂപപ്പെട്ടത് ഭാരതപ്പുഴയുടെ തീരങ്ങളിലാണ്. ഹിന്ദുക്കളുടേയും മുസ്ളീങ്ങളുടേയും പുണ്യനദിയായ ഈ നദി എന്നെന്നേയ്ക്കുമായി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇന്ന് അത് കാടും പുൽക്കനകളും നിറഞ്ഞ ഒരു മണലാരണ്യ മായി മാറിയിരിക്കുന്നു. 30–ൽപ്പരം പോഷക നദികളുള്ള ഈ നദി വർഷകാലങ്ങളിൽപോലും നിറഞ്ഞൊഴുകുന്നില്ല. ഭാരതപ്പുഴയിലെ സ്രോതസ്സ് ഉപയോഗിച്ച് ആയിരത്തിൽപ്പരം വൻകിട ശുദ്ധജലവിതരണ പദ്ധതികളും അതിൽക്കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പ്രവർത്തി ക്കുന്നുണ്ട്. എന്നാൽ ഇന്ന് ഈ നദി വറ്റിവരളുന്നതുകാരണം പല പദ്ധതികളും പ്രവർത്തി പ്പിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. കൃഷിയും നടത്താൻ കഴിയുന്നില്ല. ഇന്ന് ഈ നദിയുടെ തീരങ്ങളിൽ പ്രധാനമായും ഇഷ്ടിക വ്യവസായമാണ് നടത്തുന്നത്. അതിനാവശ്യമായ കളിമണ്ണ് ഖനനം ചെയ്യുന്നതിന്റെ ഫലമായി നദിയുടെ തീരങ്ങളിൽ വലിയ കുഴികളുണ്ടാവുകയും നദീതീരം ഇടിഞ്ഞ് വീതി കൂടുകയും നദിയുടെ ആഴം കുറയുകയും ചെയ്യുന്നു. നദി ഗതിമാറി

ഒഴുകുന്നതിനാൽ പലയിടത്തും കാടുകളും തുരുത്തുകളും ഉണ്ടാക്കുന്നു. നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ട് ഒരു പദ്ധതിയും ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അടിയണകളും തടയണകളും നിർമ്മിച്ച് ജലം സംഭരിച്ചു നിർത്താൻ കഴിഞ്ഞാൽ മാത്രമേ കുടിവെള്ള പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ. മാർക്കറ്റുകൾ, അറവുശാലകൾ, ആശുപത്രികൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യങ്ങൾ നദിയിൽ നിക്ഷേപിക്കുന്നതിന്റെ ഫലമായി വെള്ളം മലിനമാകുന്നു. വാഹനങ്ങൾ കഴുകുന്നതുകൊണ്ട് പെട്രോളും ഡീസലും വെള്ളത്തിൽ കലരുന്നതിനാൽ മത്സ്യങ്ങൾ ചത്തൊടുങ്ങുന്നു. നദീതീരങ്ങളിലെ ശ്മശാനങ്ങളിൽനിന്നുള്ള മാലിന്യങ്ങളും അവശിഷ്ടങ്ങളും ഇവിടെയാണ് നിക്ഷേപിക്കുന്നത്. കളക്ടർമാരുടെ കയ്യിലുള്ള റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗിച്ച് നദീതീരം കെട്ടി സംരക്ഷിക്കുകയും നദീതീരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുകയും വേണം. ശ്മശാനങ്ങൾ മതിൽകെട്ടി സംരക്ഷിക്കണം. നദി മലിനമാക്കുന്നവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കണം. നദികളേയും അതുവഴി മാനവ സമൂഹത്തേയും സംസ്കാരത്തേയും സംരക്ഷിക്കാൻ ഒരു പദ്ധതി തയ്യാറാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സംസ്ഥാനത്തെ മീഡിയം നദികളിലൊന്നായ ഭാരതപ്പുഴയുടെ സംരക്ഷണത്തിന് ജനങ്ങളുടെ സഹകരണമാവശ്യമാണ്. ഭാരതപ്പുഴയിൽ മാത്രമല്ല കേരളത്തിലെ പല നദികളിലും വേസ്റ്റുകൾ നിക്ഷേപിക്കുന്നുണ്ട്. ഭാരതപ്പുഴയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മുമ്പ് നിയോഗിച്ച സയൻസ് ആന്റ് ടെക്നോളജി ചെയർമാന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. നദികളിൽനിന്നും മണൽ വാരുന്നതിന്റെ ഫലമായി നദികൾ മാറി ഒഴുകുകയും നദിയുടെ വീതി കൂടുകയും ദ്വീപുകൾ ഉണ്ടാവുകയും മണ്ണ് മൂടിക്കിടക്കുന്ന സ്ഥലങ്ങളിൽ വൃക്ഷങ്ങളും കുറ്റിക്കാടുകളുമുണ്ടാവുകയും ചെയ്യുന്നു. ഇത്തരം സ്ഥലങ്ങൾ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. മണൽ വാരൽ എങ്ങനെ നിയന്ത്രിക്കാൻ കഴിയും എന്നുള്ളത് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മണൽ വാരൽ നിയന്ത്രണനിയമം നിലവിൽ വന്നതിനുശേഷം പഞ്ചായത്തുകളും ജില്ലാതല കമ്മിറ്റികളും സ്വരൂപിക്കുന്ന പണം ഉപയോഗിച്ച് ഏത് രൂപത്തിൽ എങ്ങനെ നദികളുടെ തീരം സംരക്ഷിക്കണമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് വ്യക്തമായ ഒരു റിപ്പോർട്ട് നല്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാലുടൻതന്നെ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഭാരതപ്പുഴയിൽ നിലവിലുള്ള ശുദ്ധജല പദ്ധതികൾക്കുള്ള പമ്പിംഗ് സ്റ്റേഷനുകളിൽ വെള്ളമില്ലാത്തതിനാൽ പമ്പിംഗ് മുടങ്ങി, ആ സന്ദർഭത്തിൽ മലമ്പുഴയിൽ നിന്നും വെള്ളം തുറന്നുവിടാനുള്ള നടപടികൾ സ്വീകരിച്ചപ്പോൾ ആ പ്രദേശത്തെ ജനങ്ങളിൽനിന്നും എതിർപ്പുണ്ടായി. കൃഷി ഉണങ്ങാനും പാടില്ല കുടിവെള്ളം കിട്ടുകയും വേണം. ഇതിനെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുവാൻ ഒരു കമ്മിറ്റിയെ ഗവൺമെന്റ് നിയമിച്ചിട്ടുണ്ട്. കേരളത്തിൽ ഭാരതപ്പുഴ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട നദികളുടെ സംരക്ഷണത്തിന് വേണ്ടി ഒരു മാസ്റ്റർപ്ളാൻ തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിന് കേന്ദ്രഗവൺമെന്റിൽനിന്നുള്ള ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പമ്പാ നദിയുടെ സംരക്ഷണത്തിന് പണം നല്കുവാൻ കേന്ദ്രഗവൺമെന്റ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഭാരതപ്പുഴയുടെ കാര്യം സജീവമായി പരിഗണിച്ച് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇതിനെക്കുറിച്ചു പഠിക്കുവാൻ നിയോഗിച്ച

കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്യുന്നതാണ്.

(2) വർക്കലയിലെ ടി.എസ്. കനാലും ടണലും നന്നാക്കി ജലഗതാഗതത്തിന് സൗകര്യമൊരുക്കാനും വിനോദസഞ്ചാരികളെ ആകർഷിക്കാനും നടപടി

ശ്രീ. വർക്കല കഹാർ: കൊല്ലം-തിരുവനന്തപുരം ജില്ലകളുടെ വികസനത്തിനുവേണ്ടി കൊല്ലം മുതൽ കോവളം വരെയുള്ള ടി.എസ്. കനാലിന്റെയും ടണലിന്റെയും പുനർനിർമ്മാണ പ്പണികൾ അടിയന്തിരമായി സർക്കാർ ഏറ്റെടുത്ത് നടത്തണം. റോഡുകളും വാഹനങ്ങളും ഇല്ലാതിരുന്ന കാലത്ത് ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപയോഗപ്രദമായിരുന്ന ഒരു ഗതാഗത മാർഗ്ഗമായിരുന്നു ഇത്. വ്യാപാര-വാണിജ്യമേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രയോജന പ്രദമായ ലാന്റിംഗ് സ്റ്റേഷനുകളാണിത്. ടൂറിസത്തിന് അനന്തമായ സാദ്ധ്യതകളുള്ള ഈ പ്രദേശങ്ങളിൽ ജലഗതാഗതത്തിനും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്ബ്): ടി.എസ്. കനാലിന്റെ നിർമ്മാണ പ്രവർത്തനത്തിനും വികസനത്തിനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം 2 ഘട്ടങ്ങളായി നവീകരിച്ച് ഗതഗതയോഗ്യമാക്കാനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ട്. 36 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം ഘട്ടത്തിന്റെ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ടി..എസ്. കനാലിന്റെ നടയറ മുതലുള്ള ഭാഗത്തിന്റെ പുനരുദ്ധാരണത്തിന് 3.30 കോടി രൂപയുടെ ഒരു പദ്ധതി ഏറ്റെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നടയറ മുതൽ ചിലക്കൂർ വള്ളക്കടവ് വരെയുള്ള ടി.എസ്. കനാൽ വികസിപ്പിച്ച് വിനോദസഞ്ചാരികളെ നടയറ മുതൽ ശിവഗിരി വഴി ചിലക്കൂർ ബീച്ച് വരെ എത്തിക്കുവാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കണക്കാക്കുന്നത്. കനാലിലേയും തുരപ്പുകളിലേയും മണ്ണ് നീക്കം ചെയ്തു ഗതാഗതയോഗ്യമാക്കുന്നതോടെ വിനോദസഞ്ചാരത്തിന് പുറമേ ചെലവ് കുറഞ്ഞ ജലഗതാഗതം സാദ്ധ്യമാകുന്നത് ആ പ്രദേശത്തെ ജനങ്ങൾക്ക് പൊതുവേയും കയർവ്യവസായത്തിന് പ്രത്യേകിച്ചും ഗുണകരമാകും. ഇപ്പോൾ അംഗീകാരം ലഭിച്ചിട്ടുള്ള ദേശീയ ജലപാത കോട്ടപ്പുറത്തുനിന്നു മഞ്ചേശ്വരം വരെയും കൊല്ലത്തുനിന്നു വിഴിഞ്ഞം വരെയും നീട്ടണമെന്ന റിക്വസ്റ്റ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അനുകൂലമായ സാഹചര്യങ്ങൾ നിലവിലുള്ളതിനാൽ ഇതിനുള്ള അനുമതി ലഭിക്കുമെന്നും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സഹായം ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. അനുമതി ലഭിച്ചാൽ കഴിയുന്നതും സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതാണ്.

## സബ്മിഷൻ

(1) സ്റ്റേ നിലനിൽക്കേ ചേർത്തല കാർഷിക വികസനബാങ്കിൽ നടന്ന നിയമനങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനങ്ങളും പ്രൊമോഷനുകളും സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ചേർത്തല കാർഷിക വികസന ബാങ്കിൽ ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ള നാലുപേരെ പ്യൂൺ, അറ്റൻഡർ എന്നീ പോസ്റ്റുകളിൽ നിയമിച്ചിരിക്കുന്നു. പ്രസ്തുത ബാങ്ക് 88 ലക്ഷത്തോളം രൂപയുടെ നഷ്ടത്തിൽ പ്രവർത്തിക്കുകയും അവിടെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ നിയമനങ്ങൾക്ക് സാധുതയുണ്ടോയെന്നു വ്യക്തമാക്കണം.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി. രാഘവൻ): നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിലും പുതിയ നിയമനങ്ങൾ നടത്താൻ പാടില്ലെന്നു നിഷ്ക്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് അത്തരം സഹകരണസ്ഥാപനങ്ങളിൽ നിയമനനിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ചേർത്തല കാർഷിക വികസന ബാങ്കിൽ കോടതി വിധി വന്നതിന്റെ അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിയത്. ഇക്കാര്യത്തിൽ എന്തുചെയ്യണമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(2) കുമരകം പഞ്ചായത്തിലെ പി.എച്ച്. സെന്ററിന്റെ ശോച്യാവസ്ഥ

ശ്രീമതി മേഴ്സി രവി: കുമരകം പി.എച്ച്. സെന്ററിൽ 4 ഡോക്ടർമാരുടെ പോസ്റ്റുണ്ടെങ്കിലും ഒരാൾ ലീവിലും രണ്ട് പേർ ഡെപ്യൂട്ടേഷനിലും പോയിരിക്കുന്നതിനാൽ നിലവിൽ ഒരു ലേഡിഡോക്ടർ മാത്രമേ ഉള്ളൂ. രാത്രിയിൽ രോഗികളെ അഡ്മിറ്റ് ചെയ്യുന്നില്ല. പാമ്പുകടിയേറ്റു വരുന്നവർക്ക് അടിയന്തിര ചികിൽസ നൽകാൻ സംവിധാനമില്ല. ഈ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ഈ ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കുമരകം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ 4 മെഡിക്കൽ ഓഫീസർമാരുടെ തസ്തികയുണ്ട്. രണ്ട് പേർക്ക് അഡിഷണൽ ചാർജ് കൂടി കൊടുത്തിട്ടുണ്ട്. ഈ ആശുപത്രിയിൽ 344 പേരെ ഒ.പി.യിലും 15 പേരെ അഡ്മിറ്റ് ചെയ്തും ചികിൽസിക്കുന്നുണ്ട്. വെള്ളവും വൈദ്യുതിയും ആശുപത്രിയിൽ ലഭ്യമാണ്. സ്പെഷ്യാലിറ്റി യൂണിറ്റ് നിലവിലില്ലെങ്കിലും ഒരു ഗൈനക്കോളജിസ്റ്റ് ഉണ്ട്. ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയതിനുശേഷം ഒരു ഡോക്ടറുടെ സേവനം എപ്പോഴും ലഭ്യമാക്കുന്നതാണ്.

(3) കാർഷികോൽപ്പന്നങ്ങൾക്ക് വില കിട്ടുന്നതിനും കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ: കർഷകരുടെ ചില ന്യായമായ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സംസ്ഥാനവ്യാപകമായി ഇന്നു സമരം നടക്കുകയാണ്. കടബാദ്ധ്യത കാരണം 128 കർഷകർ ആത്മഹത്യ ചെയ്തതുമൂലം അനാഥമായ അവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകണം. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): കടബാദ്ധ്യതമൂലം 128 കർഷകർ ആത്മഹത്യ ചെയ്തതായുള്ള ഔദ്യോഗിക കണക്ക് ഗവൺമെന്റിന് കിട്ടിയിട്ടില്ല.

കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ കാർഷിക മേഖലയ്ക്കുവേണ്ടി നീക്കിവച്ച തുകയിൽ പ്ളാൻ കട്ട് കഴിഞ്ഞുള്ള 85 ശതമാനം തുകയും ചെലവഴിച്ചു. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ കിട്ടിയ തുകയിൽ 30 കോടി രൂപ സപ്ളിമെന്ററി ഗ്രാന്റിൽ ഉൾപ്പെടുത്തി ചെലവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രഷറി ബാൻ കാരണമാണ് കാർഷിക മേഖലയ്ക്കുവേണ്ടി അനുവദിച്ച ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായി ചെലവഴിക്കാൻ കഴിയാതെ വന്നത്. റബ്ബർ കർഷകർക്കും അടയ്ക്ക കർഷകർക്കുമൊക്കെ കൊടുക്കേണ്ട തുക പൂർണ്ണമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അത് ഇക്കൊല്ലം കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എൻ. ശക്തൻ: ഒരുലക്ഷത്തി എഴുപത്തയ്യായിരത്തോളം വരുന്ന കൈത്തറിത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും രൂക്ഷമായ തൊഴിലില്ലായ്മമൂലം കൊടുംപട്ടിണിയിലാണ്. റിബേറ്റ് നിർത്തലാക്കിയതിനെത്തുടർന്ന് തുണിത്തരങ്ങൾ കെട്ടിക്കിടക്കുന്നതാണ് ഈ പ്രതിസന്ധിക്ക് പ്രധാന കാരണം. വരുന്ന ഓണക്കാലത്ത് കൈത്തറിത്തുണികൾക്ക് ഒരു മാസത്തെ റിബേറ്റ് നൽകിയും ദീൻദയാൽ കൈത്തറി വികസന പദ്ധതിയുടെ പ്രയോജനം അടിയന്തിരമായി തൊഴിലാളികൾക്ക് ലഭ്യമാക്കിയും കൈത്തറിത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കൈത്തറി മേഖലയിൽ പ്രതിസന്ധി ഉണ്ടെന്നുള്ളത് ശരിയാണ്. ഈ മേഖലയിലെ വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഗവൺമെന്റ് ശ്രമിക്കുന്നതാണ്. ബാക്ക്വേർഡ് കോർപ്പറേഷനിൽനിന്നും മൈനോറിറ്റി കോർപ്പറേഷനിൽ നിന്നും കൈത്തറി സഹകരണസംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിനുപുറമേ പാക്കേജ് പ്രകാരം 15 കോടി രൂപ കൂടുതലായിട്ട് ഈ മേഖലയ്ക്ക് കൊടുത്തു. വരുന്ന ഓണക്കാലത്ത് ഹാന്റക്സിനും ഹാൻവീവിനും റിബേറ്റ് അനുവദിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

## (5) ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ബോയ്സ് ഹൈസ്ക്കൂളിൽ പെൺകുട്ടികൾക്കുകൂടി പഠനസൗകര്യം

ശ്രീ. വി.കെ.സി. മമ്മത് കോയ: ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ബോയ്സ് ഹൈസ്ക്കൂളിൽ കുട്ടികൾ കുറഞ്ഞുകുറഞ്ഞു വന്ന് പൂട്ടാനിടയാക്കുന്ന സാഹചര്യം

ഒഴിവാക്കുന്നതിന് അവിടെ പെൺകുട്ടികൾക്കുകൂടി പ്രവേശനം നൽകുകയും ബാക്കി വരുന്ന ഒഴിവുകൾ ജനറൽ സീറ്റുകളായി പരിഗണിച്ച് മറ്റ് കുട്ടികൾക്കുകൂടി പ്രവേശനം നൽകുകയും ചെയ്ത് അവിടെ ചെലവഴിക്കുന്ന പണം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറിസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ.വി. തോമസ്): ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറയുകയും അദ്ധ്യാപകരുടെ എണ്ണം കൂടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കുന്നതിന് ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായി ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയശേഷം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്. മറ്റ് കുട്ടികൾക്കുകൂടി ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ പ്രവേശനം നൽകുന്നതിന് അനുകൂലമായ സമീപനമാണ് ഗവൺമെന്റിനുള്ളത്.

(6) ഇടുക്കി ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടേയും അറ്റന്റർമാരുടേയും ലേ സെക്രട്ടറിയുടേയും ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനും ആവശ്യത്തിന് മരുന്നുകളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും ഇത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): 130 കിടക്കകളുള്ള ഇടുക്കി ജില്ലാ ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ 300 പേരും ഐ.പി. വിഭാഗത്തിൽ 85 പേരും ദിവസേന എത്തുന്നുണ്ട്. ഇവിടെയുള്ള മൂന്ന് സിവിൽ സർജന്മാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. മൂന്ന് അസിസ്റ്റന്റ് സർജന്മാർ ശൂന്യവേതന അവധിയിലാണ്. ഡോക്ടർമാർ ഉൾപ്പെടെയുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. എക്സ്റേ യൂണിറ്റ്, ഗൈനക്കോളജി വിഭാഗം, ലബോറട്ടറി, വന്ധ്യംകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള സൗകര്യങ്ങളും ആവശ്യത്തിന് മരുന്നുകളും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ വെളിയിൽനിന്ന് മരുന്ന് വാങ്ങാനുള്ള അനുവാദവും കൊടുത്തിട്ടുണ്ട്. ഇവിടെ സ്പെഷ്യാലിറ്റി കേഡർ അനുസരിച്ചുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ ആശുപത്രിയുടെ നവീകരണത്തിനും അപര്യാപ്തതകൾ പരിഹരിക്കുന്നതിനുമായി ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടുന്നതാണ്.

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

ശ്രീ. ഇസ്ഹാക് കുരിക്കൾക്ക് നിയമസഭയിൽ ഹാജരാകാതിരിക്കുവാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട സ്പീക്കർ സഭയിൽ വായിക്കുകയും സഭ അനുവാദം നൽകുകയും ചെയ്തു.

നിയമസഭാ കമ്മിറ്റിക്ക് യഥാസമയം ഉദ്യോഗസ്ഥന്മാരിൽനിന്നും രേഖകൾ ലഭ്യമാക്കുന്നതുസംബന്ധിച്ച്

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: നിയമസഭാ കമ്മിറ്റികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട സെക്രട്ടറിമാരോട് സമിതി ആവശ്യപ്പെടുന്ന രേഖകൾ നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കാറില്ല. ഒരു കമ്മിറ്റിയുടെ കാലാവധി കഴിയാറായാൽപോലും രേഖകൾ യഥാസമയം ലഭ്യമാക്കാൻ ഉദ്യോഗസ്ഥന്മാർ കൂട്ടാക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ യഥാസമയം മറുപടി നൽകാൻ ബോധപൂർവ്വം അനാസ്ഥ കാണിച്ചിട്ടുണ്ടെന്ന് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ പ്രിവിലേജ് മൂവ് ചെയ്യുന്നതാണ്.

## നിയമനിർമ്മാണ കാര്യം

<u>മി. സ്പീക്കർ</u>: അംഗങ്ങളുടെ അറിവിലേയ്ക്കായി ചില കാര്യങ്ങൾ പറയുകയാണ്. ലെജിസ്ലേറ്റീവ് ബിസിനസ്സിലേക്ക് കടക്കുമ്പോൾ പലരും റൂൾ 303 അനുസരിച്ചുള്ള പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാറുള്ളത് ഞാൻ ചെയറിൽ വന്നിരുന്നതിനുശേഷമാണ്. നീണ്ട പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അത് പരിശോധിക്കാനുള്ള സാവകാശം ലഭിക്കാത്തതിനാൽ തലേദിവസം എഴുതിത്തന്നാൽ മാത്രമേ ഇനിമുതൽ അത്തരം ക്രമപ്രശ്നങ്ങൾ സഭയിൽ അനുവദിക്കുകയുള്ളൂ. ചെയറിന്റെ അനുവാദമുണ്ടെങ്കിലേ പോയിന്റ് ഓഫ് ഓർഡർ സഭയിൽ ഉന്നയിക്കാൻ കഴിയുകയുള്ളൂ. ഇവിടെ പോയിന്റ് ഓഫ് ഓർഡറുകളെല്ലാം സാധാരണ ഉന്നയിക്കാറുള്ളത് ബില്ലിന്റെ അഡ്മിസിബിലിറ്റിയെക്കുറിച്ചാണ്. ഇവിടത്തെ ബിസിനസ്സിൽ റൂളിന്റെയോ കോൺസ്റ്റിറ്റ്യൂഷന്റെയോ എന്തെങ്കിലും വയലേഷനുണ്ടെങ്കിൽ ഇന്ന റൂളിന്റെ അല്ലെങ്കിൽ കോൺസ്റ്റിറ്റ്യൂഷനിലെ ഇന്ന പ്രൊവിഷന്റെയോ ആണെന്ന് ചൂണ്ടിക്കാണിച്ചാണ് സഭയിൽ ഉന്നയിക്കേണ്ടത്. ഇവിടെ ഉന്നയിക്കുന്ന ഒരു പോയിന്റ് ഓഫ് ഓർഡറും ഓർഡറിൽ അല്ല. മേലിൽ ഈ പറഞ്ഞ കാര്യങ്ങൾ അനുസരിച്ചേ ക്രമപ്രശ്നങ്ങൾ അനുവദിക്കുകയുള്ളൂ.

<u>ശ്രീ. എ.കെ. ബാലൻ:</u> നിയമസഭാ നടപടി ചട്ടങ്ങളിലെ റൂൾ 303-ന്റെ ഇൻഗ്രീഡിയൻസിന് യോജിച്ചുമാത്രമേ എഴുതിത്തന്നിട്ടുള്ളൂ. 2002-ലെ കേരള കയറ്റിറക്ക് (ബലാൽക്കാര മായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബില്ല് ഇവിടെ അവതരിപ്പിക്കാൻ പോവുകയാണ്. 1978-ലെ നിയമം ബാധകമായ സ്ഥലത്ത് ഈ നിയമം ബാധകമല്ലെന്ന ക്ളാസ് ഈ ബില്ലിൽ ഇല്ലാത്തിടത്തോളംകാലം ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട് രണ്ട് നിയമങ്ങൾ നിലനില്ക്കും. അതുകൊണ്ട് 2002-ലെ നിയമത്തിന് റിപ്പീൽ ക്ളാസ് ഇല്ലാത്തതുകൊണ്ട് നിയമസഭാ നടപടി ചട്ടം 94 പ്രകാരം പുതിയ നിയമം പിൻവലിക്കണം. 13 കുറ്റകൃത്യങ്ങളാണ് പുതിയ ബില്ലിൽ കാണിച്ചിട്ടുള്ളത്. ഇവയെല്ലാം ഐ.പി.സി.യിൽ നിർവ്വചിക്കുകയും, അതുമായി ബന്ധപ്പെട്ടുള്ള പണിഷ്മെന്റിന് റിലവന്റായിട്ടുള്ള ക്ളാസുകൾ ഉൾപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ രണ്ട് വർഷം തടവും 10,000 രൂപ പിഴയും വിധിക്കുന്ന ഒരു നിയമനിർമ്മാണം നടത്താൻ ഈ സഭയ്ക്ക് അവകാശമില്ല. ഈ നിയമം പാസ്സാക്കിയാൽ 1978-ലെ നിയമപ്രകാരം ജോലി

ചെയ്യുന്ന അറ്റാച്ച്ഡ് തൊഴിലാളികൾക്കും അൺ-അറ്റാച്ച്ഡ് തൊഴിലാളികൾക്കും സ്കാറ്റേർഡ് തൊഴിലാളികൾക്കും ഈ മേഖലയിൽ പണി ലഭിക്കില്ല.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u> ബിൽ അവതരിപ്പിക്കുന്നതിനുമുമ്പ് അവതരണവുമായി ബന്ധപ്പെട്ട തടസ്സവാദങ്ങൾ ഉന്നയിക്കാൻ അംഗങ്ങൾക്ക് അവകാശമുണ്ട്. ഈ നിയമസഭ പാസ്സാക്കിയ 1978-ലെ ആക്ട് നിലനില്ക്കുമ്പോൾത്തന്നെ അതിന് വിരുദ്ധമായി ചുമട്ടുതൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മുഴുവൻ അധികാരപരിധിയുള്ള ഒരു പുതിയ നിയമം
കൊണ്ടുവരുന്നത് ശരിയല്ല. ഇതിൽ പൗരാവകാശലംഘനവും മനുഷ്യാവകാശ ലംഘനവുമുണ്ട്. ഒരു പൗരന് കിട്ടേണ്ട നിയമപരവും ഭരണഘടനാപരവുമായ അവകാശങ്ങളും പരിരക്ഷകളും ഉറപ്പുവരുത്തുന്ന വിധത്തിലായിരിക്കണം നിയമനിർമ്മാണം നടത്തേണ്ടത്. പൗരാവകാശത്തിനും അതിലുപരി മനുഷ്യാവകാശ ലംഘനത്തിനും വഴി തുറക്കുന്ന പുതിയ ബിൽ അപകടകരമാണ്. നിയമസഭയുടെ മുമ്പാകെ തെറ്റായ ഒരു ബിൽ ഗവൺമെന്റ് കൊണ്ടുവന്നാൽ അത് തെറ്റാണെന്ന് ചൂണ്ടിക്കാണിച്ച് തടസ്സവാദം ഉന്നയിക്കാനുള്ള അംഗങ്ങളുടെ അവകാശം ബഹുമാനപ്പെട്ട ചെയർ നിഷേധിക്കുന്നത് ഖേദകരമാണ്.

<u>ശ്രീ. പി. ജയരാജൻ:</u> ഈ ബിൽ ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ-14-ന് എതിരാണ്. നിയമപ്രകാരം ലഭിക്കേണ്ട സമത്വം ഈ ബില്ലിലൂടെ നിഷേധിക്കപ്പെടുകയാണ്. ഇൻഡ്യാ രാജ്യത്ത് തൊഴിലാളികളോട് നാളിതുവരെ ഇല്ലാത്ത വിവേചനം കാണിക്കുന്നതാണ് ഈ ബിൽ. ഗ്രേറ്റ് ബ്രിട്ടണിൽ നിലവിലുള്ള "കോമ്പിനേഷൻ ആക്ടിനും" "സർവ്വന്റ്സ് ആന്റ് മാസ്റ്റേഴ്സ് ആക്ടിനും" വിരുദ്ധമാണ് ഈ ബിൽ. കേരളത്തിലെ പുരോഗമനപരമായ പല നിയമനിർമ്മാണങ്ങൾക്കും അപവാദമാകുന്ന തരത്തിൽ, തൊഴിലാളികളും തൊഴിലുടമകളും തമ്മിൽ നിലവിലുള്ള സന്തുലിതാവസ്ഥയെ ചോദ്യംചെയ്യുന്ന തരത്തിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ പിൻവലിക്കണം.

<u>ശ്രീ. എം.വി. ജയരാജൻ:</u> ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗ് അംഗീകരിക്കുന്നതോടൊപ്പം അവതരിപ്പിക്കപ്പെടുന്ന ബില്ലുകളിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ച് തടസ്സവാദം ഉന്നയിക്കാനുള്ള അംഗങ്ങളുടെ അവകാശം പരിരക്ഷിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> പോയിന്റ് ഓഫ് ഓർഡർ എന്ന നിലയിൽ ഉന്നയിച്ച കാര്യങ്ങളൊന്നുംതന്നെ യഥാർത്ഥത്തിൽ പോയിന്റ് ഓഫ് ഓർഡർ അല്ല. ഇപ്പോൾ ഇവിടെ പറഞ്ഞ പല കാര്യങ്ങളും ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് പ്രതിപാദിക്കേണ്ടവയാണ്. ഇൻഡ്യൻ ഭരണഘടനയുടേയും സംസ്ഥാന നിയമസഭാ നടപടിച്ചട്ടങ്ങളുടേയും നിർദ്ദിഷ്ട വ്യവസ്ഥ പ്രകാരം ഈ ബിൽ പിൻവലിക്കണമെന്നല്ലാതെ നിയമം കൊണ്ടുവരുന്നതിനെ എതിർത്ത് പ്രസംഗിക്കാൻ റൂൾ 303 അനുസരിച്ച് സാദ്ധ്യമല്ല.

<u>ശ്രീ. എം.വി. ജയരാജൻ</u> : ഇൻഡ്യൻ ഭരണഘടനയുടെ 19(1) (ജി) വകുപ്പുപ്രകാരം പൗരന്മാർക്കനുവദിച്ചിട്ടുള്ള മൗലികാവകാശങ്ങളുടെ ലംഘനമാണ് ഈ ബിൽ. മാത്രമല്ല,

ഭരണഘടനാശില്പികളും ബഹുമാനപ്പെട്ട കോടതികളും വിവക്ഷിക്കുന്ന തരത്തിലുള്ള ഒരു റീസണബിൾ റെസ്ട്രിക്ഷൻ അല്ല ഈ നിയമനിർമ്മാണത്തിന്റെ ഉദ്ദേശലക്ഷ്യം. തൊഴിലാളി വർഗ്ഗത്തിന് നീതി നിഷേധിക്കപ്പെടുന്നതും തൊഴിലുടമകൾക്ക് അവിഹിത സംരക്ഷണം നൽകുന്നതുമായ ഈ നിയമം ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ-30-ന്റെ ലംഘനമാണ്. ഇപ്പോൾത്തന്നെ ഒരു നിയമം സംസ്ഥാനത്ത് നിലവിലുള്ളപ്പോൾ ചുമട്ടുതൊഴിലാളി മേഖലയിൽ പുതിയൊരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. ഐ.പി.സി., സിആർ.പി.സി. പ്രകാരം ബലപ്രയോഗം തടയാനുള്ള അധികാരം തൊഴിൽ വകുപ്പിലേയും പോലീസ് വകുപ്പിലേയും ഉദ്യോഗസ്ഥന്മാരെ ഏൽപിക്കുന്നത് പരിഷ്കൃത സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങൾക്ക് ദോഷകരമാണ്. ഇൻഡ്യൻ ഭരണഘടനയ്ക്കും സംസ്ഥാന നിയമസഭാ ചട്ടങ്ങൾക്കുമുപരി ഇന്ന് പ്രാബല്യത്തിലുള്ള നിയമങ്ങൾക്കും എതിരായ ഈ ബിൽ പിൻവലിക്കാൻ തയ്യാറാകണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ഈ ബിൽ ഭരണഘടനയ്ക്കും നിലവിലുള്ള ബില്ലിനും എതിരല്ല. 1978-ലെ നിയമമനുസരിച്ച് നോട്ടിഫൈ ചെയ്തിട്ടുള്ള ഏരിയയിൽ ഈ നിയമം ബാധകമാക്കാൻ ഉദ്ദേശിക്കുന്നില്ല.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. **ബാബു ദിവാകരൻ):** 1978-ലെ ചുമട്ടുതൊഴിലാളി നിയമം ഏതെങ്കിലുമൊരു എസ്റ്റാബ്ളിഷ്മെന്റുമായി ബന്ധപ്പെട്ടുള്ള ചുമട്ടുതൊഴിലാളികളെ ബാധിക്കുന്ന നിയമമായിരുന്നു. ഈ ബിൽ സാധാരണ കയറ്റിറക്കുമായി ബന്ധപ്പെട്ടുള്ള തൊഴിലാളികളെ ഉദ്ദേശിച്ചുള്ളതാണ്. നിയമപരമായി ബിൽ അവതരിപ്പിക്കുന്നതിൽ ഒരു തടസ്സവുമില്ല. ഇവിടെ ഉന്നയിക്കപ്പെട്ട തർക്കങ്ങൾ നിലനിൽക്കുന്നതല്ല.

മി. സ്പീക്കർ: ക്രമപ്രശ്നങ്ങൾ ഒന്നും ഓർഡറിലല്ല. ബിൽ അവതരിപ്പിക്കാവുന്നതാണ്.

## 2002-ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): 2002-ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): 2002-ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ ഭക്ഷ്യവും ഭവന നിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സമൂഹത്തിലെ ഏറ്റവും കഠിനാദ്ധ്വാനവും കായികാദ്ധ്വാനവും ചെയ്യുന്ന വിഭാഗമാണ് ചുമട്ടുതൊഴിലാളികൾ. 1978–ൽ ചുമട്ടുതൊഴിലാളി നിയമം ഐകകണ്ഠ്യേന പാസ്സാക്കുകയും 1980–ൽ നിയമം നടപ്പിലാക്കിത്തുടങ്ങുകയും ചെയ്തു. 1983–ൽ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടുള്ള നിയമം കൊണ്ടുവന്ന് ക്ഷേമപദ്ധതികൾ നടപ്പിലാക്കി. തൊഴിലാളികൾ കൂട്ടമായി ജോലി ചെയ്യുന്ന പ്രദേശത്തു മാത്രമേ അത് നടപ്പിലാക്കാൻ കഴിയൂ. ചുമട്ടു തൊഴിലാളി ബോർഡിന്റെ തൊഴിലാളികളായിട്ടാണ് അവർ വരുന്നത്. കൂടാതെ അൺ അറ്റാച്ച്ഡ്–സ്കാറ്റേർഡ് വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികളുമുണ്ട്. ചുമട്ടുതൊഴിലാളി സ്കീം നടപ്പിലാക്കിയിട്ടുള്ള മേഖലകളിൽ പ്രശ്നങ്ങളില്ല. കൂലി നിശ്ചയിക്കുന്നതിന് പ്രത്യേക സംവിധാനമുണ്ട്. എന്നാൽ സ്കാറ്റേർഡ് തൊഴിലാളികൾ ജോലിചെയ്യുന്ന ഏരിയകളിൽ കൂലി നിശ്ചയിക്കുന്നതിന് വ്യവസ്ഥകളില്ലാത്തതിനാൽ കയറ്റിറക്കു സംബന്ധിച്ചും കൂലി സംബന്ധിച്ചും തർക്കപ്രശ്നങ്ങളുണ്ടാകുന്നു. കൂലി നിശ്ചയിച്ചിട്ടില്ലാത്ത കയറ്റിറക്ക് മേഖലയിലെ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുകയെന്നുള്ളതാണ് ഈ ബില്ലിൽ പ്രധാനമായി ഉദ്ദേശിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനും തൊഴിലുടമ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളുമടങ്ങുന്ന ഒരു കമ്മിറ്റി അതാത് ജില്ലയിലെ കയറ്റിറക്കുകൂലി നിശ്ചയിച്ച് അത് നോട്ടിഫൈ ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുകയെന്നുള്ളതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഇത് പ്രായോഗികമായിക്കഴിഞ്ഞാൽ ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ നല്ലൊരു ശതമാനം പരിഹരിക്കപ്പെടും. ഗാർഹികാവശ്യത്തിനുള്ള കയറ്റിറക്ക് നടത്തുന്നത് ഉടമ നിശ്ചയിക്കുന്ന ആളായിരിക്കും. കയറ്റിറക്ക് കൂലിയും അതിനോടനുബന്ധിച്ചുള്ള വ്യവസ്ഥകളും നടപ്പിൽ വരുംപോൾ കേരളത്തിലെ പ്രബുദ്ധരായ തൊഴിലാളി വർഗ്ഗത്തിന് അന്തസ്സോടുകൂടി ജോലി ചെയ്യാൻ കഴിയുന്ന സ്ഥിതി സംജാതമാകും. തൊഴിൽ മേഖലയിലാകെ പ്രശ്നങ്ങളാണെന്നുള്ള പ്രചരണത്തിന് ഒരു മാറ്റമുണ്ടാകണം. സംസ്ഥാനത്ത് അൻപത് ലക്ഷത്തിൽപ്പരം തൊഴിലില്ലാത്ത ചെറുപ്പക്കാരുണ്ട്. തൊഴിലവസരങ്ങളുണ്ടെങ്കിലേ തൊഴിൽ കൊടുക്കാൻ കഴിയുകയുള്ളൂ. അതിന് തൊഴിൽ സംരംഭങ്ങളുണ്ടാകണം. അതിന് പ്രധാനപ്പെട്ട ഘടകം നിക്ഷേപമാണ്. നിക്ഷേപമുണ്ടാക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കുകയും, നിക്ഷേപത്തിന് സെക്യൂരിറ്റിയുണ്ടാകുകയും വേണം. പുതിയ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടത് ഈ ഗവൺ മെന്റിന്റെ കടമയാണ്. അതിന് അനുയോജ്യമായ അന്തരീക്ഷമുണ്ടാകണമെങ്കിൽ ഈ മേഖലയെ സംബന്ധിച്ച് ഇന്നുള്ള നെഗറ്റീവ് പബ്ളിസിറ്റി മാറ്റിയെടുക്കാൻ എല്ലാവരും ശ്രമിക്കണം. അതിനുള്ള അവസരം സൃഷ്ടിക്കുന്നതിന് ചില ക്രമീകരണങ്ങൾ ആവശ്യമാണെന്നുള്ളതു കൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത്. ഈ ബില്ലിന്റെ ചർച്ചാവേളയിലുന്നയിച്ച ബില്ലിന്റെ പേര് മാറ്റുന്നതടക്കം ബഹുമാനപ്പെട്ട മെംപർമാർ മുന്നോട്ടുവച്ച വിലപ്പെട്ട അഭിപ്രായങ്ങൾ തുറന്ന മനസ്സോടുകൂടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: 2002–ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ, ഭീഷണിപ്പെടുത്തിയുള്ളതോ, മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 10.8.2002 വരെ സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ പേര് മാറ്റുന്നതിൽ മാത്രമല്ല അഭിപ്രായ വ്യത്യാസം. ചുമട്ടുതൊഴിലാളികളെ മാത്രമല്ല, കേരളത്തിലെ മറ്റുവിഭാഗം തൊഴിലാളികളേ.യും ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നതിനെതിരെ തടസ്സവാദം ഉന്നയിച്ചത്. തൊഴിൽ മേഖലയിൽ സമാധാനം നിലനിർത്താനും തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ സംരക്ഷിക്കാനും ഉതകുന്ന പല നിയമനിർമ്മാണങ്ങളും നടത്തി മാതൃക കാണിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. അതിനു വിരുദ്ധമായ ഈ ബിൽ പിൻവലിക്കാനുള്ള ആർജ്ജവം കാണിക്കണം. തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ പ്രവർത്തകൻമാർക്ക് ഈ ബിൽ അംഗീകരിക്കുവാൻ കഴിയുകയില്ല. ഭരണ–പ്രതിപക്ഷ വ്യത്യാസമില്ലാതെ ട്രേഡ് യൂണിയനുകൾ ഈ ബിൽ അവതരിപ്പിക്കുന്നതിനെതിരെ ഇന്ന് സമരം നടത്തുകയാണ്. പതിനായിരക്കണക്കിന് തൊഴിലാളികൾ പങ്കെടുക്കുന്ന നിയമസഭാ മാർച്ചും നടത്തുകയാണ്. ഏറ്റവും വലിയ വ്യവസായ മേഖലയായ കൊല്ലത്തെ പ്രതിനിധാനം ചെയ്യുന്ന മന്ത്രി ഈവക കാര്യങ്ങൾ പ്രത്യേകമായി ശദ്ധിക്കണം. നിലവിലുള്ള നിയമങ്ങളിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിൽ ചുമട്ടുതൊഴിലാളികൾക്ക് വ്യക്തമായ പെരുമാറ്റച്ചട്ടവും കൂലി വ്യവസ്ഥയും നിലവിലുണ്ട്. വ്യാപാരി–വ്യവസായികളും കേരളത്തിൽ സംഘടിതരാണ്. എല്ലായിടത്തും എഗ്രിമെന്റ് പ്രകാരമാണ് തൊഴിലാളികൾ പണിയെടുക്കുന്നത്. ഗാർഹികാവശ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കുകയാണ് വേണ്ടത്. അൺഫെയർ ലേബർ പ്രാക്ടീസ് എവിടെയെങ്കിലും ഉണ്ടാകുന്നുണ്ടെങ്കിൽ അതും തടയണം. അന്തർദ്ദേശീയതലത്തിൽ തൊഴിലാളികളുടെ ജോലിസമയം ആറ് മണിക്കൂറായി കുറയ്ക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുമ്പോൾ ഇന്ത്യയിൽ എട്ട് മണിക്കൂർ എന്നത് ഒമ്പതും പത്തും മണിക്കൂറായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ അംഗീകരിച്ചിട്ടുള്ളതിന് വിരുദ്ധമായിട്ടുള്ള വകുപ്പുകൾ ഈ ബില്ലിൽ ഉൾപ്പെടുത്തുന്നത് ഗൗരവമായി കാണണം. 22 കൊല്ലമായി ഇവിടെ നിലവിലിരിക്കുന്ന സിസ്ററമാറ്റിക്കായിട്ടുള്ള ഒരു നിയമവ്യവസ്ഥയെ മറികടന്നുകൊണ്ട് ഇത്തരത്തിൽ ഓരോ വകുപ്പുകൾ പ്രത്യേകമായി പാസ്സാക്കിയെടുക്കുന്നത് പല പ്രശ്നങ്ങൾക്കും ഇടയാക്കും. അദ്ധ്യായം 2–ലെ നാലും അഞ്ചും വകുപ്പുകൾ ആവശ്യമില്ലാത്തതാണ്. ഇങ്ങനെയൊരു ക്ലാസ് വച്ചുകഴിഞ്ഞാൽ ഒരു സ്ഥലത്തും തൊഴിലാളികൾക്ക് പണിയെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. വിജ്ഞാപനം ചെയ്യപ്പെട്ട കൂലി ഇന്ന് കേരളത്തിലെ ചുമട്ടുതൊഴിലാളി മേഖലയിലുണ്ട്. അല്ലാത്ത മേഖലകളിൽ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്യാനുള്ള അധികാരമുണ്ട്. അതുകൊണ്ട് നിലവിലുള്ള നിയമം പിൻവലിക്കുകയോ റദ്ദ് ചെയ്യുകയോ ചെയ്യാതെ ഈ നിയമം പാസാക്കുന്നത് കൂടുതൽ കുഴപ്പത്തിനിടയാക്കും. നിലവിലുള്ള നിയമങ്ങളിൽ മതിയായ നടപടിച്ചട്ടങ്ങളുണ്ടായിരിക്കെ ചുമട്ടുതൊഴിലാളികൾ വാങ്ങിക്കുന്ന കൂലിക്ക് കൈപ്പറ്റുരസീത് നൽകണമെന്ന വ്യവസ്ഥ

അപ്രായോഗികമാണ്. തൊഴിൽത്തർക്കങ്ങൾ പരിഹരിക്കുന്നതിന് ഡി.എൽ.ഒ. മുതൽ ആർ.ജെ. എൽ.സി. വരെ പോകുന്നതിന് നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയുണ്ടായിരിക്കെ ഈ ബില്ലിൽ പോലീസുദ്യോഗസ്ഥന്മാരെ നിയമിക്കുന്നത് വർഷങ്ങളായി കേരളത്തിൽ നിലനിൽക്കുന്ന വ്യവസ്ഥാപിത നയങ്ങൾക്കെതിരാണ്. തൊഴിലുടമകൾക്കുമാത്രം സംരക്ഷണം കൊടുക്കുന്ന, ചുമട്ടുതൊഴിലാളികൾക്ക് എതിരായുള്ള വ്യവസ്ഥകൾ മാത്രമുള്ള ഒരു ബില്ലാണിത്. തൊഴിലുടമ കൾ തൊഴിലാളികളോട് പ്രതികാരം ചെയ്യുന്നതിന് ഈ ബില്ലിലെ വ്യവസ്ഥകൾ സഹായകരമാണ്. പോലീസുകാരുടെ ഉപദ്രവത്തിനും പീഡനത്തിനും നിരപരാധികളായ തൊഴിലാളികൾ ഇരയാകുന്നതിന് ഈ ബിൽ വഴിതെളിക്കും. നിലവിലുള്ള ആക്ടിൽ എന്തെങ്കിലും പഴുതുകളു ണ്ടെങ്കിൽ അതിന് ഭേദഗതി വരുത്തുന്നതിനു പകരം ഈ പുതിയ നിയമം കൊണ്ടുവരുന്നതിനോട് യോജിക്കുന്നില്ല. ഇന്ന് തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന സമാധാനാന്തരീക്ഷം തകർക്കാനേ ഈ ബിൽ ഉപകരിക്കുകയുള്ളൂ. ഈ ബിൽ പാസ്സാക്കിയതുകൊണ്ടൊന്നും കേരളത്തിൽ വിദേശ മൂലധനം വരാൻ പോകുന്നില്ല. സാമൂഹ്യ സേവന കാര്യങ്ങളിൽ സ്തുത്യർഹമായ സേവനമനു ഷ്ഠിക്കുന്ന ഒരു വിഭാഗമാണ് ചുമട്ടുതൊഴിലാളികൾ. യു.ഡി.എഫിലെ പാർട്ടികളുടെ ആഭിമുഖ്യ ത്തിലുള്ള ട്രേഡ് യൂണിയൻ സംഘടനകൾ ഇതിനെതിരെ കർശന നിലപാട് സ്വീകരിച്ചിരു ന്നെങ്കിൽ ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കപ്പെടുമായിരുന്നില്ല. ഈ നിയമം പാസ്സായാൽ മറ്റ് പല തൊഴിൽ മേഖലകളിലുംകൂടി ഇതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടാകും. രണ്ടാം ലേബർ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്ന സാഹചര്യം വരുമ്പോൾ ഈ നിയമത്തിന് നിലനിൽപ്പില്ലാത്ത അവസ്ഥയുണ്ടാകും. തൊഴിലാളികളെ കശാപ്പ് ചെയ്യുന്ന ക്രൂരമായ നിലപാട് സ്വീകരിച്ചിട്ടുള്ള ഈ ബിൽ പിൻവലിക്കണം. ഈ ബിൽ പാസ്സാക്കിയാൽ അത് പതിനൊന്നാം കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരു കറുത്ത അദ്ധ്യായമായിട്ട് മാറും.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> 2002-ലെ കേരള കയറ്റിറക്ക് (ബലാൽക്കാരമായതോ, ഭീഷണിപ്പെടുത്തിയുള്ളതോ മറ്റു നിയമവിരുദ്ധമായതോ ആയ പ്രവർത്തനങ്ങൾ നിരോധിക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരി പ്പിക്കുന്നു. കേരളത്തിൽ നടപ്പിലാക്കാൻ പോകുന്ന ഈ ബിൽ ''പോട്ടോ'' മോഡൽ നിയമ നിർമ്മാണമാണ്. എ.ഡി.ബി.യ്ക്കു വേണ്ടി രൂപകല്പന ചെയ്ത ഒരു ബില്ലാണിത്. ഈ ബില്ലിന്റെ പേര് മാറ്റി 'കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് ബിൽ ഫോർ എ.ഡി.ബി.' എന്നാക്കണം എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഗവൺമെന്റിന്റെ വർഗ്ഗപരമായ കാഴ്ചപ്പാട് ഈ ബില്ലിലൂടെ വ്യക്തമാക്കിയിരിക്കുന്നു. ഇതൊരു തൊഴിലാളിദ്രോഹ ബില്ലാണ്. ഇതിൽ സാമൂഹ്യവും രാഷ്ട്രീയവും നിയമപരവുമായ ഒട്ടേറെ പ്രശ്നങ്ങളുള്ളതിനാൽ വിശദമായ പരിശോധനയ്ക്കു
വേണ്ടി ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണം. തൊഴിൽ മേഖലയിൽ പോലീസിന്റെ തേർവാഴ്ച അവസാനിപ്പിക്കാൻ അടിസ്ഥാനപരമായ ഒരു ചുവടുമാറ്റമെന്ന നിലയിലാണ് മുമ്പ് തൊഴിൽ വകുപ്പ് രൂപീകരിച്ചത്. ചുമട്ടുതൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ, ഭരണ-പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിച്ചിരുന്ന് ചർച്ചചെയ്ത് പരിഹാരമുണ്ടാക്കണം. സംസ്ഥാനത്തെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക് ഒട്ടേറെ കാരണങ്ങളുണ്ട്. അതിന്റെ പഴി ചുമട്ടുതൊഴിലാളികളുടെമേൽ കെട്ടിവയ്ക്കുന്നത് ശരിയായ നടപടിയല്ല. ഭൂമിശാസ്ത്രപരമായ

സ്ഥിതിവിശേഷവും ഉയർന്ന ഭൂമിവിലയും വൈദ്യുതി ക്ഷാമവും ശുദ്ധജലദൗർലഭ്യവും ഇവിടത്തെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്ക് കാരണങ്ങളാണ്. മാറിമാറി രാജ്യം ഭരിച്ച ഭരണാധികാരികളുടെ ഈ സംസ്ഥാനത്തോടുള്ള അവഗണയുടെ ഫലമായി കേന്ദ്ര നിക്ഷേപം കുറഞ്ഞതും വ്യാവസായികമായ പിന്നോക്കാവസ്ഥയ്ക്ക് മുഖ്യ കാരണമാണ്. ഈ അവസ്ഥയ്ക്ക് ചുമട്ട് തൊഴിലാളികളാണോ കുറ്റക്കാരെന്നത് പുനർചിന്തനം നടത്തണം. 5 വർഷത്തിനുള്ളിൽ ഇവിടെ 50,000 കോടിരൂപയുടെ മുതൽമുടക്കുണ്ടാകുമെന്ന് പറഞ്ഞ് അധികാരത്തിൽവന്ന ഈ ഗവൺമെന്റ് ആനുപാതികമായി ഇതുവരെ എത്രകോടിരൂപയുടെ മുതൽമുടക്കുണ്ടാക്കി എന്നത് ചിന്തിക്കേണ്ടതാണ്. ഈ നിയമം ചുമട്ടുതൊഴിലാളികൾക്കു വേണ്ടിയല്ല മറിച്ച് തൊഴിലുടമ കൾക്കുവേണ്ടിയാണ് കൊണ്ടുവന്നത്. യു.ഡി.എഫ്.-നുവേണ്ടി വോട്ട് ചെയ്ത തൊഴിലാളികളെ തെരുവിലിറക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. തൊഴിൽ മേഖല പോലീസിനെ ഏല്പിച്ചുകൊടുത്താലുള്ള അവസ്ഥ എന്തായിരിക്കുമെന്ന് ചിന്തിക്കാതെയുള്ള ഒരു നിയമനിർമ്മാണമാണിത്. തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യേണ്ട ജോലി പോലീസിനെ ഏല്പിക്കുന്നതിൽ പുനർചിന്തനം ആവശ്യമാണ്. ഒറ്റപ്പെട്ട കുറ്റകൃത്യങ്ങളുടെ പേരിൽ ഈ മേഖലയിൽ

പുതിയൊരു നിയമനിർമ്മാണം നടത്തുന്നത് ശരിയല്ല. ഇക്കാര്യത്തിൽ ഐ.എൻ.ടി.യു.സി സംസ്ഥാന കൗൺസിലിന്റെ പ്രമേയം മുഖവിലയ്ക്കെടുത്തുകൊണ്ട് ആവശ്യമായ മാറ്റം ബില്ലിൽ വരുത്തണം. കഠിനാദ്ധ്വാനം ചെയ്യുന്ന അഭ്യസ്തവിദ്യരായ ചുമട്ടുതൊഴിലാളികളെ പിടിച്ചുപറിക്കാരെന്ന് ചിത്രീകരിച്ച് കൊണ്ടുവന്ന ഈ നിയമം ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും. ഈ നിയമം ആഗോളവൽക്കരണത്തിന്റേയും കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ട്രേഡ് യൂണിയൻ ആക്ടിലെ ഭേദഗതിക്ക് അനുസൃതമായി കേരളത്തെ പാകപ്പെടുത്തിയെടുക്കുന്നതിന്റേയും ഭാഗമാണ്. തൊഴിലാളികളെ കൊള്ളാനും തള്ളാനുമുള്ള അവകാശം ഈ ബില്ലിൽക്കൂടി മുതലാളിമാർക്ക് നൽകുന്നതിൽ വിയോജിപ്പുണ്ട്. നിലവിലുള്ള ചുമട്ടുതൊഴിലാളി നിയമത്തിന് വിരുദ്ധമായി ജോലി സ്ഥിരതയും പി.എഫ്-ഉം നിഷേധിച്ചുകൊണ്ട് തൊഴിലാളികളെ അടിമകളാക്കുന്ന ഈ നിയമം ചുമട്ടുതൊഴിലാളികൾക്കെതിരെയുള്ള കരിനിയമമാണ്. ബലാൽക്കാരം, ഭീഷണിപ്പെടുത്തൽ, മറ്റു നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ എന്നിവ തടയാൻ ഐ.പി.സി. പ്രകാരം വ്യവസ്ഥയുള്ളപ്പോൾ ഇത്തരമൊരു നിയമം കൊണ്ടുവരുന്നതിൽ പ്രസക്തിയില്ല. സംസ്ഥാനത്ത് ആര് കുറ്റം ചെയ്താലും ശിക്ഷിക്കാനുള്ള നിയമമുള്ളപ്പോൾ ചുമട്ടുതൊഴിലാളികളെ മാത്രം ശിക്ഷിക്കാനായി നടത്തുന്ന ഈ നിയമനിർമ്മാണം ഇൻഡ്യയിലുള്ള എല്ലാ നിയമസംഹിതയ്ക്കും എതിരാണ്. 1978-ലെ നിയമത്തിൽനിന്നും വിഭിന്നമായ ഒരു നിയമമാണിത്. എ.ഡി.ബി.യെ തൃപ്തിപ്പെടുത്താനാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ചുമട്ടുതൊഴിലാളികളെ സമൂഹമദ്ധ്യത്തിൽ കുറ്റവാളികളായി ചിത്രീകരിക്കാനേ ഈ ബിൽ ഉപകരിക്കൂ. തൊഴിലുടമകളെ താലോലിക്കുന്ന വ്യവസ്ഥകളാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബില്ലിലെ അദ്ധ്യായം 2(5) അനുസരിച്ച് തൊഴിലുടമയ്ക്ക് ഇഷ്ടമുള്ള തൊഴിലാളികളെ ഉപയോഗിച്ച് കയറ്റിറക്കു തൊഴിൽ ചെയ്യിക്കാം. സംസ്ഥാനത്തെ എല്ലാ മേഖലകളിലും ഈ നിയമം ബാധകമാക്കാൻ പോകുകയാണ്. ഇത് തൊഴിലാളികളുടെ തൊഴിൽ സ്ഥിരതയെ ബാധിക്കും. ഈ വകുപ്പിൽ മാറ്റം വരുത്തണം. കേരളത്തിൽ ഇത്തരത്തിൽ ഒരു നിയമം നടപ്പാക്കാൻ കഴിയില്ല. ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ ജോലിപോലും നഷ്ടപ്പെടും. അറ്റാച്ച്ഡ്, അൺ-അറ്റാച്ച്ഡ്, സ്കാറ്റേർഡ് എന്നീ മൂന്നു

വിഭാഗങ്ങളിലായി അഞ്ചു ലക്ഷത്തോളം തൊഴിലാളികളാണുള്ളത്. ഈ ബിൽ നിയമമായാൽ ക്ഷേമപദ്ധതികളിൽ അംഗങ്ങളായവരും തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ളവരുമുൾപ്പെടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടും. 26(എ)യും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനിടയുള്ള വകുപ്പാണ്. തൊഴിലാളികളുടെ തൊഴിൽ തട്ടിപ്പറിക്കുന്ന ബില്ലാണിത്. തർക്കങ്ങളുണ്ടായാൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നാണ് വകുപ്പ് 21(7)-ൽ പരാമർശിക്കുന്നത്. നിലവിലുള്ള നിയമ പ്രകാരം തർക്കങ്ങളുണ്ടായാൽ ലേബർ ഓഫീസർ ഇടപെട്ട് അനുരഞ്ജന നടപടി സ്വീകരിക്കാൻ കഴിയും. ചുമട്ടു തൊഴിലാളി ക്ഷേമപദ്ധതി നടപ്പാക്കണമെങ്കിൽ ഓരോ പ്രദേശത്തും പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിക്കണം. ഈ ബിൽ നടപ്പിലാക്കിയാൽ ചുമട്ടു തൊഴിലാളികളെ സമരങ്ങളും മറ്റുമായി ബന്ധപ്പെടുത്തിയുള്ള കേസ്സുകളിൽ കുടുക്കി ജയിലിൽ അടയ്ക്കാം. തർക്കങ്ങൾ പരിഹരിക്കാൻ നിലവിൽ നിയമമുണ്ടായിരിക്കേ പോലീസിന് അധികാരം കൊടുത്തിരിക്കുന്നത് ശരിയായില്ല. ചുമട്ടുതൊഴിലാളികൾ അന്യായമായി കൂലി വാങ്ങുന്നതായി ചില പ്രദേശങ്ങളിൽ ആക്ഷേപമുയർന്നിട്ടുണ്ട്. അന്യായമായി കൂലി വാങ്ങുന്നതിനോട് യോജിക്കാൻ കഴിയുകയില്ല. അങ്ങനെയുള്ളവർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാൻ കഴിയും. നിലവിലുള്ള നിയമത്തിൽ ഓരോ പ്രദേശത്തും ഓരോ സാധനത്തിനും നൽകാവുന്ന കൂലി വിവരങ്ങൾ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ചുമട്ടുതൊഴിലാളികൾ അന്യായമായി കൂലി വാങ്ങുന്നുവെന്ന് സ്ഥാപിച്ച് ജോലിസ്ഥിരത ഇല്ലാതാക്കുന്നതിനുള്ള നിയമമാണിത്. ചുമട്ടുതൊഴിലാളി നിയമത്തിന് വിധേയമായി എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ തൊഴിലാളി സംഘടനകളെ വിളിച്ച് ചർച്ച ചെയ്യണം. കൂലി നിശ്ചയിച്ച് വിജ്ഞാപനം ചെയ്താൽത്തന്നെ ഏതെങ്കിലും തൊഴിലാളി അതിനേക്കാൾ കൂടുതൽ കൂലി ചോദിക്കുന്നുണ്ടെങ്കിൽ ഇന്ന് നടപടി സ്വീകരിക്കാൻ കഴിയും. ഈ കാര്യത്തിൽ യാഥാർത്ഥ്യബോധത്തോടുകൂടിയ സമീപനം സ്വീകരിക്കണം. വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ വീട്ടുടമയ്ക്ക് തന്നെ കയറ്റാനും ഇറക്കാനും കഴിയും. അത് തടയാൻ പാടില്ലെന്നാണ് ട്രേഡ് യൂണിയൻ സംഘടനകളും പറയുന്നത്. പുറത്തുനിന്ന് ആളുകളെ വിളിക്കുംപോൾ 26(എ) വകുപ്പുപ്രകാരം കാർഡുള്ള അംഗീകൃത തൊഴിലാളികളെ വിളിക്കണം. തൊഴിലിനെപ്പറ്റി പരാതിയുണ്ടായാൽ ക്ഷേമ പദ്ധതിയിലെ വകുപ്പുകൾ അനുസരിച്ചുതന്നെ നടപടികൾ സ്വീകരിക്കാം. ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്നത് ഒരുതരത്തിലും അംഗീകരിച്ചുകൂടാ. തൊഴിലാളി സംഘടനകളൊക്കെ വന്നതിന്റെ ഫലമായി ചുമട്ടുതൊഴിലാളി മേഖലയിലെ അരാജകത്വം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ നിയമം ചുമട്ടുതൊഴിലാളികളുടെ അവകാശത്തിൻമേലുള്ള നിഷേധമാണ്. ഈ നിയമം ഇതേ രീതിയിൽ പാസ്സാക്കാതെ കേരളത്തിലെ എല്ലാ തൊഴിലാളി മേഖലയിലും പോയി സിറ്റിംഗ് നടത്തി വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി സെലക്ട് കമ്മിറ്റിക്ക് വിടണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സംസ്ഥാനത്ത് കൂടുതൽ മുതൽ മുടക്കുണ്ടാക്കിയാൽ മാത്രമേ ഇവിടത്തെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ഇടതുപക്ഷ മുന്നണിയുടെ കാലത്താണ് ഇവിടെ തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിച്ചത്. വ്യവസായങ്ങൾ കൂടുതലുണ്ടാകുന്നതിനും അവ നിലനിർത്തുന്നതിനും പറ്റിയ സാഹചര്യം ഇന്ന് സംസ്ഥാനത്തുണ്ട്. സംസ്ഥാനത്ത് തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നതിൽ കുറവുണ്ടായിട്ടുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി തൊഴിൽ പ്രശ്നങ്ങളില്ലാത്ത സംസ്ഥാനമായി കേരളം മാറി

വരികയാണ്. കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസും വേൾഡ് ബാങ്കുംകൂടി നടത്തിയ സ്റ്റഡിയിൽ വ്യക്തമാക്കുന്നത് വ്യവസായത്തിന് പറ്റിയ അന്തരീക്ഷം സംസ്ഥാനത്തുണ്ടെന്നാണ്. പക്ഷേ ഇവിടെ വ്യവസായം വരുന്നില്ല. നല്ല വ്യാവസായിക അന്തരീക്ഷമുണ്ടായിട്ടും 141 കോടി രൂപയുടെ മുതൽമുടക്കാണ് കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിലുണ്ടായിട്ടുള്ളത്. ഇലക്ട്രിസിറ്റിയുടെ പ്രശ്നമുണ്ട്. ഭൂമിയുടെ വിലസംബന്ധമായ പ്രശ്നമുണ്ട്. മിനിമം വേജ് കൊടുക്കാൻ തീരുമാനിച്ചുകഴിഞ്ഞാൽ അത് കൊടുക്കാൻ മുതലാളി ബാദ്ധ്യസ്ഥനാണ്. അതിൽ കൂടുതൽ ബാർഗെയിനിംഗിനുള്ള അവകാശം തൊഴിലാളികൾക്ക് നിഷേധിക്കണമെന്നാണ് പ്രതിപക്ഷത്തുള്ളവർ അഭിപ്രായപ്പെട്ടത്. ആ ഒരു സാഹചര്യം കേരളത്തിലുണ്ടായതുകൊണ്ടാണ് ഒരു നിയമം കൊണ്ടുവന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇതുസംബന്ധിച്ചുള്ള ഓർഡിനൻസ് വീണ്ടും വീണ്ടും കൊണ്ടുവന്നെങ്കിലും അത് ലാപ്സാകുകയും റീപ്ളേസ് ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും ചെയ്തു. നിജപ്പെടുത്തിയ കൂലിയേക്കാൾ കൂടുതൽ ചോദിക്കാൻ പാടില്ലെന്നാണ് ഈ ബില്ലിലെ വ്യവസ്ഥ. എന്നാൽ മുൻ നിയമത്തിലെ വ്യവസ്ഥ നിജപ്പെടുത്തിയ കൂലിയേക്കാൾ കൂടുതൽ ചോദിക്കാനും പാടില്ല, ആരെങ്കിലും തന്നാൽ വാങ്ങാനും പാടില്ല എന്നാണ്. ഈ ബില്ലിന്റെ പേര് മാറ്റണം. ഈ നിയമംകൊണ്ട് ചെറിയ അപകടങ്ങളുണ്ടാകും. ഒരു നിയമത്തിൽ ഡെഫനിഷൻ ക്ളാസ് കഴിഞ്ഞാണ് ഓപ്പറേഷണൽ പാർട്ട് വരുന്നത്. ഈ ബില്ലിൽ ഓപ്പറേഷണൽ പാർട്ട് കഴിഞ്ഞ് ഡെഫനിഷൻ ക്ളാസ് കൊടുത്തിരിക്കുന്നു. അതിൽ മാറ്റം വരുത്തണം. ക്ളാസ് 3(8) എടുത്തു കളയണം. ക്ളാസ് 4-ൽ സ്വന്തം ഇഷ്ടമനുസരിച്ച് തൊഴിലാളികളെ നിയമിക്കാനുള്ള അവകാശമുണ്ട്. അത് മിസ് യൂസ് ചെയ്യപ്പെടും. അതില്ലാത്ത ഒരു വ്യവസ്ഥയുണ്ടാക്കാൻ മന്ത്രി ശ്രദ്ധിക്കണം.. 4-ാമത്തെ വകുപ്പ് തൊഴിലാളി വിരുദ്ധമാകാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. ഇന്ന് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സംരക്ഷണ മുണ്ടാകണം. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ഓർഡിനൻസിലെ 16-ാമത്തെ വകുപ്പുപ്രകാരം ഇഷ്ടമുള്ളവരെ വയ്ക്കാം. നായനാർ സർക്കാർ മൂന്ന് പ്രാവശ്യം ഓർഡിനൻസ് കൊണ്ടുവന്നു. അതിലെ 18-ാം വകുപ്പനുസരിച്ച് നോട്ടിഫൈ ചെയ്ത ഏരിയയിൽ കമ്മിറ്റി മുഖേന പണം കൊടുക്കുന്നവർ മാത്രമാണ് ഹെഡ്ലോഡ് വർക്കേഴ്സ് എന്നു പറഞ്ഞിരിക്കുന്നത്. ഈ ബില്ലിലെ വ്യവസ്ഥകൾ അത്ര അപകടമുള്ളതല്ല, എന്നാലും ചില കാര്യങ്ങളിൽ അപകടമുണ്ട്. അതുകൊണ്ട് ഈ ബില്ലിൽ ചെറിയ മാറ്റങ്ങൾ വരുത്തണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.